പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1041. 01.03.2017 ന് മറുപടിയ്ക്ക്.

## കൊഴിഞ്ഞാമ്പാറ കേന്ദ്രമായി പുതിയതായി ആരംഭിച്ച ഐ.റ്റി.ഐ.യിൽ തസ്തികകൾ

*ചോദ്യം* *ഉത്തരം*

ശ്രീ.കെ. കൃഷ്ണൻകുട്ടി :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) കൊഴിഞ്ഞാമ്പാറ കേന്ദ്രമായി പുതിയതായി ആരംഭിച്ച ഐ.റ്റി.ഐ.യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൊഴിഞ്ഞാമ്പാറ ഐ.റ്റി.ഐ. യുടെ സുഗമമായ പ്രവർത്തനത്തിനായി ഏതൊക്കെ തസ്തികകളാണ് ഈ ഗവൺമെന്റ് വന്നതിന് ശേഷം സൃഷ്ടിച്ചിട്ടുള്ളത്; അവയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**(എ) & (ബി)** വിവിധ ഗവ. ഐ.ടി.ഐ. കളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, ഈ സർക്കാർ അധികാരത്തിലേറ്റശേഷം, ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ, കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.യിൽ സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ്-II | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 2 |
| 3 | എ.സി.ഡി. ഇൻസ്ട്രക്ടർ | 1 |
| 4 | ക്ലാർക്ക് | 1 |
| 5 | ഓഫീസ് അറ്റൻഡന്റ് | 1 |
| ആകെ | | 6 എണ്ണം |

(സി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ.യിൽ ചുവടെ പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | പ്രിൻസിപ്പാൾ ക്ലാസ്-II | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 2 |
| 3 | ക്ലാർക്ക് | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | 1 |
| ആകെ | | 5 എണ്ണം |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കൊഴിഞ്ഞാമ്പാറ (പാലക്കാട്), എളുമ്പുലാശ്ശേരി (പാലക്കാട്), കൊടുവള്ളി (കോഴിക്കോട്), നരിപ്പറ്റ (കോഴിക്കോട്), കൂത്തുപറമ്പ് (കണ്ണൂർ) - എന്നീ സർക്കാർ ഐ.ടി.ഐ.കളിൽ പുതിയ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കൈ.) നം. 175 /2016/തൊഴിൽ തിരുവനന്തപുരം, തീയതി 05.11.2016

---

പരാമർശം - 1. സ.ഉ. (കൈ.) നം.179/05/ജി.എ.ഡി, തീയതി 04.06.2005.
2. സ.ഉ. (കൈ.) നം.104/2013/തൊഴിൽ, തീയതി 03.09.2013
3. സ.ഉ. (കൈ.) നം.140/2013/തൊഴിൽ, തീയതി 12.11.2013
4. സ.ഉ. (കൈ.) നം.67/2015/തൊഴിൽ, തീയതി 18.06.2015
5. സ.ഉ. (കൈ.) നം.106/2015/തൊഴിൽ, തീയതി 06.08.2015
6. സ.ഉ. (കൈ.) നം.135/2015/തൊഴിൽ, തീയതി 16.09.2015
7. ട്രെയിനിംഗ് ഡയറക്ടറുടെ 28.05.2016 ലെ ഐ 4/52527/14 നമ്പർ കത്ത്.

## ഉത്തരവ്

സൂചന 3 മുതൽ 6 വരെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരംഭിച്ച കൊഴിഞ്ഞാമ്പാറ (പാലക്കാട്), എളുമ്പുലാശ്ശേരി (പാലക്കാട്), കൊടുവള്ളി (കോഴിക്കോട്), നരിപ്പറ്റ (കോഴിക്കോട്), എന്നീ സർക്കാർ ഐ.ടി.ഐ.കളിലും പരാമർശം 2 പ്രകാരം ആരംഭിച്ച കൂത്തുപറമ്പ് (കണ്ണൂർ) സർക്കാർ ഐ.ടി.ഐ.-ലും പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന ശിപാർശ പരാമർശം 7 ലെ കത്തു പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മേൽപ്പറഞ്ഞ 5 സർക്കാർ ഐ.ടി.ഐ. കളിൽ താഴെ പറയും പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| Sl.No | Name of Post | Scale of Pay | No. of Posts created in each ITI | | | | |
|---|---|---|---|---|---|---|---|
| | | | Kuthuparambu | Kozhinjampara | Elumbilassery | Koduvally | Narippatta |
| 1 | Principal Class II | 42500-87000 | 0 | 1 | 1 | 1 | 1 |
| 2 | Junior Instructor | 26500-56700 | 1 | 2 | 4 | 2 | 4 |
| 3 | ACD Instructor | 26500-56700 | 0 | 1 | 1 | 1 | 1 |

| | | | | | | | |
|---|---|---|---|---|---|---|---|
| | Clerk | 19000-43600 | 0 | 1 | 1 | 1 | [illegible] |
| 5 | Office Attendant | 16500-35700 | 0 | 1 | 1 | 1 | 1 |
| | Total | | 1 | 6 | 8 | 6 | 8 |
| | Grand Total | | | | 29 | | |

3. കൂടാതെ കൊഴിഞ്ഞാമ്പാറ, എലുമ്പുലാശ്ശേരി, കൊട്ടവള്ളി, നരിപ്പറ്റ എന്നീ 4 ഐ.ടി.ഐ.കളിൽ 2 സെക്യൂരിറ്റി ജീവനക്കാരെ വീതം ആകെ 8 പേരെ കേരള എക്സ് സർവ്വീസസ്മെൻ ഡെവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷനിൽ നിന്ന് പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഒരോ ശുചീകരണ തൊഴിലാളികളെ വീതം ആകെ 4 പേരെ കുടുംബശ്രീ മുഖേനയും നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യവകുപ്പ്. (287327/H&L-B1/2016-Fin, dated 17.10.2016)
പൊതുഭരണ (എസ്.സി) വകുപ്പ്. (ഇനം നം.432) [redacted]
വിവര പൊതുജനസമ്പർക്ക വകുപ്പ് (ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu

സെക്ഷൻ ഓഫീസർ.

പകർപ്പ് -തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്